2024
JANUARY
31
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## മാലദ്വീപിലേക്കുള്ള ഇന്ത്യൻ സഞ്ചാരികളുടെ എണ്ണത്തിൽ വൻ ഇടിവ്



**ന്യൂഡൽഹി:** ഇന്ത്യയും മാലദ്വീപുമായുള്ള നയതന്ത്ര തർക്കങ്ങൾക്കിടെ മാലദ്വീപിലേക്കുള്ള ഇന്ത്യക്കാരുടെ സഞ്ചാരത്തിൽ വൻ ഇടിവ്. ദ്വീപിലേക്കുള്ള സഞ്ചാരികളായ ഇന്ത്യക്കാരുടെ എണ്ണം 2023ൽ ഒന്നാം സ്ഥാനത്തായിരുന്നെങ്കിൽ ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം അഞ്ചാംസ്ഥാനത്തേക്ക് കൂപ്പുകുത്തി. ഇരുരാജ്യങ്ങളും തമ്മിൽ ഉടലെടുത്ത നയതന്ത്ര തർക്കമാണ് ഇന്ത്യക്കാരായ സഞ്ചാരികളുടെ എണ്ണം കുറയാൻ കാരണമെന്നാണു വിലയിരുത്തൽ.

മാലദ്വീപ് സർക്കാർ പുറത്തുവിട്ട ഔദ്യോഗിക കണക്കുകൾ പ്രകാരം ചൈനീസ് സഞ്ചാരികളുടെ എണ്ണത്തിൽ വർധവനവുണ്ടായിട്ടുണ്ട്. സഞ്ചാരികളുടെ എണ്ണത്തിൽ മൂന്നാം സ്ഥാനമാണ് ചൈനയ്ക്ക്. ഡിസംബറിലെ കണക്ക് അനുസരിച്ച് ദ്വീപിലെ ടൂറിസം വിഹിതത്തിൽ ഇന്ത്യയുടെ സംഭാവന 11 ശതമാനമായിരുന്നു. റഷ്യയും ചൈനയുമായിരുന്നു തൊട്ടുപിന്നിൽ. പത്ത് ശതമാനമായിരുന്നു ഇരു രാജ്യങ്ങളുടെയും സംഭാവന. എന്നാൽ ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം എട്ട് ശതമാനം വിപണി വിഹിതവുമായാണ് ഇന്ത്യ അഞ്ചാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടത്. 10.6% വിപണിവിഹിതവുമായി റഷ്യൻ സഞ്ചാരികളാണ് ഏറ്റവും മുന്നിൽ. 10.4% യാത്രക്കാരുമായി ഇറ്റലിയാണ് രണ്ടാം സ്ഥാനത്ത്. ചൈന കഴിഞ്ഞാൽ യുകെയാണ് ഇന്ത്യയ്ക്കു തൊട്ടുമുന്നിലുള്ള രാജ്യം. ജർമനി, യുഎസ്എ, ഫ്രാൻസ്, പോളണ്ട്, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങളാണു യഥാക്രമം ആറു മുതൽ പത്തുവരെ സ്ഥാനങ്ങളിലുള്ളത്. മാലദ്വീപ് സമ്പദ്‌വ്യവസ്ഥയുടെ നല്ലൊരു പങ്കും ടൂറിസം വ്യവസായങ്ങളെ ആശ്രയിച്ചാണു നിലകൊള്ളുന്നത്. 2023ൽ 2,09,198 ഇന്ത്യക്കാരാണു മാലദ്വീപിലേക്കെത്തിയത്.

## പാക്കിസ്ഥാനിൽ ഭീകരാക്രമണം; 15 പേർ കൊല്ലപ്പെട്ടു



കറാച്ചി: പാക്കിസ്ഥാനിൽ ഭീകരാക്രമണത്തിൽ നാല് സൈനികർ ഉൾപ്പെടെ 15 പേർ കൊല്ലപ്പെട്ടു. പാക്കിസ്ഥാൻറെ തെക്ക് പടിഞ്ഞാറൻ മേഖലയായ ബലോച്ചിസ്ഥാനിൽ തിങ്കളാഴ്ചയാണ് സംഭവം.

മാച്ച് ആൻറ് കോൽപുർ കോംപ്ലക്സിലാണ് ആക്രമണം ഉണ്ടായത്. സ്ഫോടനത്തിൽ മൂന്ന് ചാവേറുകളും കൊല്ലപ്പെട്ടതായി പാക്കിസ്ഥാൻ സൈന്യം അറിയിച്ചു.

ബലോച്ച് ലിബറേഷൻ ആർമി എന്ന വിഘടനവാദി സംഘടന ആക്രമണത്തിൻറെ ഉത്തരവാദത്വം ഏറ്റെടുത്തതായി അധികൃതർ വ്യക്തമാക്കി.

## ഇന്ത്യയോടും മോദിയോടും മുയിസു മാപ്പ് പറയണം; മാലദ്വീപിലെ പ്രതിപക്ഷം

**മാലെ:** മാലദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു ഇന്ത്യയോടും പ്രധാനമന്ത്രി നരേന്ദ്ര മോദിയോടും ഔദ്യോഗികമായി മാപ്പ് പറയണമെന്നു പ്രതിപക്ഷത്തെ ജംഹൂരി പാർട്ടി നേതാവ് ഗാസിം ഇബ്രാഹിം. ഇന്ത്യയോടു പ്രതികാര ബുദ്ധിയോടെ പെരുമാറുന്ന ചൈനാപ്രേമിയായ മുയിസുവിനെതിരെ രാജ്യത്തുയരുന്ന പ്രതിഷേധത്തിന്റെ ഭാഗമാണു ഗാസിം ഇബ്രാഹിമിന്റെ വാക്കുകൾ.

മോദിയോടു മാപ്പ് പറഞ്ഞ് ഇന്ത്യയുമായുള്ള ഉഭയകക്ഷി ബന്ധത്തിലെ വിള്ളൽ ഇല്ലാതാക്കണമെന്നും ഗാസിം ഇബ്രാഹിം അഭിപ്രായപ്പെട്ടു. മോദി ലക്ഷദ്വീപ് സന്ദർശിച്ചതിനു പിന്നാലെ മുയിസു മന്ത്രിസഭയിലെ മൂന്നു പേർ അധിക്ഷേപ പരാമർശങ്ങൾ നടത്തിയതു വിവാദമായിരുന്നു. ഗവേഷണത്തിനെന്ന പേരിൽ പുറപ്പെട്ട ചൈനീസ് ചാരക്കപ്പലിന് മാലദ്വീപ് തീരത്ത് നങ്കൂരമിടാൻ മുയിസു അനുമതി നൽകിയതും ഇന്ത്യയെ പ്രകോപിപ്പിക്കാനാണെന്നാണു നിഗമനം.

നയതന്ത്ര തർക്കത്തിനു പിന്നാലെ, ഇന്ത്യൻ വിമാനത്തിനു മുയിസു അനുമതി നിഷേധിച്ചതിനാൽ പതിനാലുകാരൻ ചികിത്സ കിട്ടാതെ മരിച്ചതായും ആക്ഷേപമുയർന്നു.

## ഇമ്രാൻ ഖാനും ഷാ മഹ്മൂദ് ഖുറൈഷിക്കും 10 വർഷം വീതം തടവ്

**ഇസ്ലാമാബാദ്:** സൈഫർ കേസിൽ പാക്കിസ്ഥാൻ മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനും വിദേശകാര്യ മന്ത്രി ഷാ മഹ്മൂദ് ഖുറൈഷിക്കും പത്തു വർഷം വീതം തടവു ശിക്ഷ വിധിച്ച് പാക് പ്രത്യേക കോടതി. ഇമ്രാൻ ഖാൻ പ്രധാനമന്ത്രിയായിരുന്ന കാലത്ത് യുഎസ് എംബി അയച്ച രഹസ്യ നയതന്ത്ര കേബിൾ വെളിപ്പെടുത്തി ഔദ്യോഗിക രഹസ്യ നിയമം ലംഘിച്ച കുറ്റത്തിനാണ് ശിക്ഷ. കഴിഞ്ഞ ഡിസംബർ 13ന് കേസിൽ ഇമ്രാൻ ഖാനും ഖുറൈഷിയും കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. നിലവിൽ അഴിമതിക്കേസിൽ അഡ്യാല ജയിലിൽ തടവുശിക്ഷ അനുഭവിക്കുകയാണ് ഇമ്രാൻ ഖാൻ.

## രൺജീത് ശ്രീനിവാസൻ വധക്കേസ്: 15 പ്രതികൾക്കും വധശിക്ഷ

**ആലപ്പുഴ:** ബിജെപി നേതാവ് രൺജീത് ശ്രീനിവാസനെ കൊലപ്പെടുത്തിയ കേസിൽ 15 പ്രതികൾക്കും വധശിക്ഷ. അപൂർവമായാണ് ഇത്രയധികം പ്രതികൾക്ക് വധശിക്ഷ വിധിക്കുന്നത്. മാവേലിക്കര അഡീഷണൽ കോടതി ജഡ്ജി വി.ജി. ശ്രീദേവിയാണ് ശിക്ഷ വിധിക്കുന്നത്. ശിക്ഷാ വിധി മുൻനിർത്തി കോടതിയിലും സമീപപ്രദേശങ്ങളിലും കനത്ത സുരക്ഷാ നടപടികളാണ് സ്വീകരിച്ചിരുന്നത്. പോപ്പുലർ ഫ്രണ്ട് എസ്ഡിപിഐ പ്രവർത്തകരായ 15 പേരും കുറ്റക്കാരാണെന്ന് കോടതി നേരത്തേ കണ്ടെത്തിയിരുന്നു. പ്രതികൾ ദയവ്അർഹിക്കുന്നില്ലെന്നും ഹീനമായ കുറ്റകൃത്യമാണ് ചെയ്തതെന്നും കോടതി പരാമർശിച്ചു. കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്ത എട്ടു പ്രതികൾക്ക് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയും വിധിച്ചിട്ടുണ്ട് . കൊലപാതകത്തിൻറെ ഗൂഢാലോചനയിൽ പങ്കെടുത്തവരെ വരെ ശിക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്.15 പ്രതികളിൽ 14 പേരെയും നേരിട്ട് കണ്ടതിനു ശേഷമാണ് ജനുവരി 30ന് ശിക്ഷ വിധിക്കുമെന്ന് കോടതി അറിയിച്ചത്. കേസിലെ പത്താം പ്രതിയായ മുല്ലയ്ക്കൽ വടക്കാട്ടുശേരി നവാസ് പക്ഷാഘാതത്തെത്തുടർന്ന് ചികിത്സയിലാണ്.2021 ഡിസംബർ 19നാണ് രൺജീത് ശ്രീനിവാസൻ കൊല്ലപ്പെട്ടത്. ആലപ്പുഴ വെള്ളക്കിണറിലെ വീട്ടിൽ കയറി അമ്മയുടെയും ഭാര്യയുടെയും മകളുടെയും മുന്നിലിട്ടാണ് രൺജീതിനെ വെട്ടിക്കൊലപ്പെടുത്തിയത്. പോപ്പുലർ ഫ്രണ്ട് പ്രവർത്തകരായ മാച്ചനാട് കോളനിയിൽ നൈസാം, വടക്കേച്ചിറപ്പുറം അജ്മൽ, വെസ്റ്റ് മുണ്ടുവാടയ്ക്കൽ അനൂപ്, ഇരക്കാട്ട് മുഹമ്മദ് അസ്ലം, ഞാറവേലിൽ അബ്ദുൽ കലാം, അടിവാരം ദാറുസ്സബീൻ വീട്ടിൽ അബ്ദുൽ കലാം, തൈവേലിക്കകം സറഫുദ്ദീൻ, ഉടുമ്പിത്തറ മൻഷാദ്, ജസീബ് രാജ, തയ്യിൽ സമീർ, കണ്ണർകാട് നസീർ, ചാവടിയിൽ സക്കീർ ഹുസൈൻ, വെളിയിൽ ഷാജി, ഷെർനാസ് അഷറഫ് എന്നിവരാണ് കേസിലെ പ്രതികൾ.






# പാർക്കിൻസൺസ് രോഗത്തെ അതിജീവിച്ചവരുടെ കൂട്ടായ്മ സംഘടിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ഡീപ് ബ്രെയിൻ സ്റ്റിമുലേഷൻ (ഡിബിഎസ്) ശസ്ത്രക്രിയകളിലൂടെ പാർക്കിൻസൺസ് രോഗത്തെ അതിജീവിക്കുകയും ചലന ശേഷി വീണ്ടെടുക്കയും ചെയ്തവരുടെ കൂട്ടായ്മ സംഘടിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി.രണ്ടു വർഷം കൊണ്ടാണ് ആസ്റ്റർ മെഡ്സിറ്റി നൂറ് ശസ്ത്രക്രിയ സംഘടിപ്പിച്ചത്.സംഗീത സംവിധായകൻ ഔസേപ്പച്ചൻ മുഖ്യാതിഥിയായി.നൂറ് ശസ്ത്രക്രിയകൾ എന്ന് എളുപ്പത്തിൽ പറയാമെങ്കിലും വെറും അക്കങ്ങളിലൊതുങ്ങുന്നതല്ല ഈ നേട്ടമെന്നും വൈദ്യശാസ്ത്രത്തിലെ മികവിന്റെയും ശാസ്ത്ര,സാങ്കേതിക രംഗങ്ങളിൽ കൈവരിച്ച പുരോഗതിയുടെയും കൂടി നേട്ടമാണിതെന്ന് ആസ്റ്റർ കേരള ക്ലസ്റ്ററിലെ പാർക്കിൻസൺസ് ആൻഡ് മൂവ്മെന്റ് ഡിസോർഡർ ക്ലിനിക്കിന്റെ ഡയറക്ടർ ഡോ. ആശ കിഷോർ പറഞ്ഞു.

ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, കൊച്ചി ആസ്റ്റർ മെഡ്സിറ്റിയുടെ ഓപ്പറേഷൻസ് ഹെഡ് ധന്യ ശ്യാമളൻ, ന്യൂറോസ്പൈൻ സർജറി വിഭാഗത്തിലെ ഡോ. അനുപ് എം നായർ, ന്യൂറോസർജറി വിഭാഗം ഡോക്ടർ ഷിജോയ് പി ജോഷ എന്നിവർ പരിപാടിയിൽ സംസാരിച്ചു. ആസ്റ്റർ മെഡ്സിറ്റിയിൽ പാർക്കിൻസൺ രോഗത്തിന് ചികിത്സ തേടിയ നൂറിലേറെ അതിഥികൾ, അവരുടെ ജീവിതത്തിലുണ്ടായ മാറ്റങ്ങളെ കുറിച്ച് സംസാരിച്ചു.



# ആഡംബരത്തിന്റെ അനുഭൂതികളുമായി ക്ലബ് മഹീന്ദ്രയുടെ അഷ്ടമുടി റിസോർട്ട്

**കൊച്ചി:** അഷ്ടമുടിക്കായലിന്റെ ഓരത്തുള്ള ക്ലബ് മഹീന്ദ്രയുടെ അഷ്ടമുടി റിസോർട്ട് കേരളത്തിലെ മോഹിപ്പിക്കുന്ന അവധിക്കാല കേന്ദ്രമായി മാറുന്നു.

കേരളത്തിന്റെ ഒളിഞ്ഞിരിക്കുന്ന സ്വർഗമായ അഷ്ടമുടി കായലിന് ഒട്ടനവധി ആകർഷണങ്ങളാണുള്ളത്. നാവിലെ രുചിമുകളങ്ങളെ ഉണർത്തുന്ന സ്വാദുമായി ഫിൻസ് ഫ്ളോട്ടിങ് റസ്റ്റോറന്റുകൾ, മൺറോ ദ്വീപിലേക്കൊരു ബോട്ടുയാത്ര നടത്തി കഥകളി ആസ്വദിക്കാം. അതിനിടെ അഷ്ടമുടിക്കായലിന്റേയും കല്ലടയാറിന്റേയും മാസ്മരിക സൗന്ദര്യം സ്വസ്ഥമായി ആസ്വദിക്കുകയുമാവാം. പരിസ്ഥിത സൗഹാർദ്ദ കയർ നിർമാണവും കാണാം. നയന വിരുന്നുമായി പക്ഷികളും ഇവിടെയെല്ലാം ചുറ്റിപ്പറക്കുന്നുണ്ടാവും. അഷ്ടമുടിയുടെ തീരത്ത് ആഡംബരവും നൈസർഗിക സൗന്ദര്യവും കോർത്തിണക്കിയാണ് ക്ലബ് മഹീന്ദ്ര അഷ്ടമുടി വരവേൽക്കുന്നതെന്ന് അധികൃതർ പറഞ്ഞു. വിശാലമായ മുറികളും ഫ്ളോട്ടിങ് കോട്ടേജുകളും അതുല്യമായ അനുഭവങ്ങൾ സമ്മാനിക്കും. പരമ്പരാഗത രീതിയിലെ സ്പാ അതിഥികൾക്ക് നവോൻമേഷം പകരും. സഞ്ചാരികൾക്ക് പ്രകൃതി സൗന്ദര്യം ആസ്വദിച്ച് മനസു കുളിർപ്പിക്കാനുള്ള എല്ലാ സൗകര്യങ്ങളുമായാണ് ക്ലബ് മഹീന്ദ്ര അഷ്ടമുടി സ്വാഗതം ചെയ്യുന്നതെന്നും അധികൃതർ പറഞ്ഞു.

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണുമായി സഹകരിച്ച് കേരള ടൂറിസം

**കൊച്ചി:** ആഗോള സ്പോർട്സ് ടൂറിസം ഹബ്ബാക്കി കൊച്ചിയെ മാറ്റുകയെന്ന ദീർഘകാല ലക്ഷ്യത്തോടെ ആരംഭിച്ച ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണുമായി സംസ്ഥാന ടൂറിസം വകുപ്പ് സഹകരിക്കുന്നു. കൊച്ചി ആസ്ഥാനമായ ക്ലിയോസ്പോർട്സാണ് ഫെബ്രുവരി 11ന് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ സംഘടിപ്പിക്കുന്നത്.സ്പോർട്സ് ടൂറിസം ഭൂപടത്തിൽ കൊച്ചിയെ അടയാളപ്പെടുത്തുന്നതിനായി തുടക്കംകുറിച്ച ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ വൻ വിജയമാക്കുന്നതിനായി ടൂറിസം വകുപ്പിന്റെ പൂർണ പിന്തുണ വാഗ്ദാനം ചെയ്യുന്നതായി ടൂറിസം വകുപ്പു മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. തിരുവനന്തപുരത്ത് ക്ലിയോസ്പോർട്സ് അധികൃതരുമായുള്ള കൂടിക്കാഴ്ചയിലാണ് മന്ത്രി പിന്തുണ വാഗ്ദാനം ചെയ്തത്.

വരും വർഷങ്ങളിൽ ഇന്ത്യയിലെ ഏറ്റവും വലിയ ബഹുജന പങ്കാളിത്തമുള്ള പരിപാടിയായി മാരത്തൺ മാറട്ടെയെന്നും മന്ത്രി ആശംസിച്ചു. ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണുമായി ബന്ധപ്പെട്ട് വരും വർഷങ്ങളിൽ രണ്ട് മുതൽ മൂന്ന് ദിവസം വരെ നീണ്ടുനിൽക്കുന്ന വിനോദസഞ്ചാര പരിപാടി രൂപപ്പെട്ടു വരാനുള്ള സാധ്യതയുണ്ടെന്ന് ക്ലിയോസ്പോർട്സ് ഡയറക്ടർമാരായ ശബരി നായർ, അനീഷ് പോൾ എന്നിവർ പറഞ്ഞു. ഇത് കൊച്ചിയെ ഒരു പ്രമുഖ ആഗോള ടൂറിസം ഹബ്ബാക്കി മാറ്റാനുള്ള തങ്ങളുടെ ലക്ഷ്യത്തിന് കരുത്ത് പകരും. കേരള ടൂറിസവുമായുള്ള പങ്കാളിത്തം ഇതിന് ഏറെ സഹായകരമാകുമെന്നും അവർ പറഞ്ഞു.42.195 കി.മീ മാരത്തൺ, 21.097 കി.മീ ഹാഫ് മാരത്തൺ, 10 കി.മീ റൺ, 3 കി.മീ ഗ്രീൻ റൺ എന്നീ വിഭാഗങ്ങൾക്കൊപ്പം ഇത്തവണ ഭിന്നശേഷിക്കാർക്കും ശാരീരിക അവശതകൾ നേരിടുന്നവർക്കും വേണ്ടി സ്പെഷ്യൽ റൺ കാറ്റഗറി ഉൾപ്പെടുത്തിയിട്ടുണ്ട്. രക്ഷ സൊസൈറ്റിയുമായി ചേർന്നാണ് ഒരു കിലോമീറ്റർ സ്പെഷ്യൽ റൺ നടക്കുക. ഇന്ത്യൻ അത്‌ലറ്റുകൾക്കൊപ്പം ഇത്തവണ വിദേശ അത്‌ലറ്റുകളും മാരത്തണിൽ പങ്കെടുക്കും. ഓൺലൈൻ രജിസ്ട്രേഷന് www.kochimarathon.in സന്ദർശിക്കുക.

# കുഫോസിൽ യുവ സംവാദ് വെള്ളിയാഴ്ച

**കൊച്ചി** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) എൻ.എസ്.എസ് യൂണിറ്റ് സംഘടിപ്പിക്കുന്ന യുവസംവാദ് 2047 പരിപാടി വെള്ളിയാഴ്ച നടക്കും.ഇന്ത്യയുടെ ഭാവിയെ കുറിച്ചുള്ള യുവജനതയുടെ കാഴ്ചപാടുകളും സ്വപ്നങ്ങളും വിദ്യാർത്ഥികൾ അവതരിപ്പിക്കുന്നതാണ് യുവസംവാദ് 2047. ഇതിന്റെ ഭാഗമായി സംവാദ മത്സരങ്ങളും പ്രഭാഷണങ്ങളും ഉണ്ടാകും. സംസ്ഥാനത്തെ എല്ലാ കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. 8921181551, 8281981099 , എന്നീ നമ്പറുകളിൽ ബുധനാഴ്ട 5 മണി വരെ രജിസ്ട്രർ ചെയ്യാം.മികച്ച റോൾ മോഡലിനുള്ള രാഷ്ട്രപതിയുടെ അവാർഡ് ലഭിച്ച ടിഫാനി ബ്രാർ മുഖ്യാതിഥിയായിരിക്കും.

# മുത്തൂറ്റ് മൈക്രോഫിൻ അറ്റാദായം 119.06 ശതമാനം വർധിച്ചു

**കൊച്ചി:** രാജ്യത്തെ മുൻനിര ബാങ്ക് ഇതര മൈക്രോഫിനാൻസ് സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് 2023-24 സാമ്പത്തിക വർഷത്തിൻറെ മൂന്നാം ത്രൈമാസം വാർഷികാടിസ്ഥാനത്തിൽ 119.06 ശതമാനം വർധനവോടെ 124.57 കോടി രൂപ അറ്റാദായം കൈവരിച്ചു. മുൻ വർഷം ഇതേ കാലയളവിലെ അറ്റാദായം 56.86 കോടി രൂപയായിരുന്നു. സ്ഥാപനത്തിൻറെ മൊത്തം വായ്പകൾ 38.64 ശതമാനം വർധനവോടെ 11,458.14 കോടി രൂപയിലെത്തി. 71.97 ശതമാനം വർധനവോടെ 182.31 കോടി രൂപയുടെ പ്രീപ്രൊവിഷൻ പ്രവർത്തന ലാഭവും കമ്പനി കൈവരിച്ചിട്ടുണ്ട്.സ്ഥാപനത്തിൻറെ വായ്പക്കാരുടെ എണ്ണം 1424 ശാഖകളിലായി 32.78 ലക്ഷമാണ്. ആകെ വരുമാനം 52.61 ശതമാനം വർധനവോടെ 584.83 കോടി രൂപയിലുമെത്തി.

കമ്പനിയുടെ ബാലൻസ് ഷീറ്റ് ത്രൈമാസാടിസ്ഥാനത്തിൽ 12 ശതമാനവും വാർഷികാടിസ്ഥാനത്തിൽ 49 ശതമാനവും വളർന്ന് 112,049.2 ദശലക്ഷം രൂപയിലെത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിലാവും തങ്ങൾ ശ്രദ്ധ പതിപ്പിക്കുകയെന്നും, എല്ലാ പ്രദേശങ്ങളിലും സേവനമെത്തിക്കുന്ന കമ്പനി വരും മാസങ്ങളിലേക്കായി തന്ത്രപരമായ വികസന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെന്നും മുത്തൂറ്റ് മൈക്രോഫിൻ മാനേജിങ് ഡയറക്ടർ തോമസ് മുത്തൂറ്റ് പറഞ്ഞു.സാങ്കേതികവിദ്യകളുടെ പിൻബലത്തിൽ നവീനമായതും ഓരോരുത്തർക്കും സവിശേഷമായതുമായ സാമ്പത്തിക സേവനങ്ങൾ നൽകുന്നതിന് തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും തങ്ങൾ കൈകാര്യം ചെയ്യുന്ന ആസ്തികൾ ത്രൈമാസാടിസ്ഥാനത്തിൽ അഞ്ചും വാർഷികാടിസ്ഥാനത്തിൽ 39 ശതമാനം വളർന്നിട്ടുണ്ടെന്നും മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദാഫ് സയീദ് പറഞ്ഞു.

# ഫൊക്കാന രാജ്യാന്തര കൺവെൻഷൻ ജൂലൈ 18 മുതൽ 20 വരെ വാഷിങ്ങ്ടൺ ഡി.സിയിൽ

**കൊച്ചി:** നാല് പതിറ്റാണ്ടായി വടക്കെ അമേരിക്കയിലെ മലയാളി സംഘടനകളുടെ കേന്ദ്ര സംഘടനയായി പ്രവർത്തിക്കുന്ന ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന) യുടെ ഇരുപത്തിയൊന്നാമത് രാജ്യാന്തര കൺവെൻഷൻ ജൂലൈ 18 മുതൽ 20 വരെ വാഷിങ്ങ്ടൺ ഡി.സി യിൽ വെച്ച് നടക്കുമെന്ന് ഫൊക്കാന പ്രസിഡൻറ് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു . വാഷിങ്ങ്ടൺ ഡി.സി യിലെ നോർത്ത് ബെഥസ്ഡ മോണ്ട്ഗോമറി കൗണ്ടി കൺവെൻഷൻ സെൻറർ അറ്റ് മാരിയറ്റ് ആണ് കൺവെൻഷന് വേദിയാകുന്നത് .

എം.പി ശശി തരൂർ , ജോൺ ബ്രിട്ടാസ് എം.പി എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. മുഖ്യമന്ത്രി പിണറായി വിജയനെയും പങ്കെടുപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. കവി മുരുകൻ കാട്ടാക്കടയും രാഷ്ട്രീയസാമൂഹികസാംസ്കാരിക രംഗത്തെ പ്രമുഖരും ഈ ജനകീയ കൺവെൻഷനിൽ പങ്കെടുക്കും .എക്സിക്യൂട്ടീവ് കമ്മറ്റി ഉൾപ്പെടെ വിവിധ കമ്മറ്റികളുടെ നേതൃത്വത്തിൽ കൺവെൻഷൻ വൻ വിജയമാക്കാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നായി 60 അംഗസംഘടനകളിൽ നിന്നുമുള്ള 1500 പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുക്കും. ബിസിനസ് മീറ്റ്, മീഡിയ സെമിനാർ, നേഴ്സസ് സെമിനാർ , വിമൻസ് ഫോറം, സാഹിത്യപുരസ്കാരം, ടാലൻറ് കോംപെറ്റീഷൻസ് എന്നിവ ത്രിദിന കൺവെൻഷനിൽ നടക്കും. വൈവിധ്യമാർന്ന കലാപരിപാടികൾ ചടങ്ങിന് മാറ്റ് കൂട്ടും.1983 ൽ രൂപീകരിച്ച ഫൊക്കാന നാളിതു വരെ ജ?നാടിൻറെ പൈതൃകവും,സംസ്കാരവും ഉൾക്കൊള്ളുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. നാടിനോടുള്ള കൂറും, കടപ്പാടും കാത്തുസൂക്ഷിക്കുന്നതിലും നാടിൻറെ പൊതുവായ വികസനപ്രവർത്തനങ്ങളിൽ സഹകരിക്കുന്നതടക്കം നിരവധി ഇടപെടലുകളാണ് ഫൊക്കാന നടത്തി വരുന്നത്.കഴിഞ്ഞ രണ്ട് വർഷകാലം ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിലുള്ള ഭരണസമിതി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഫൊക്കാന ഇൻറർനാഷണൽ ചാപ്റ്റർ ഡൽഹി, മുംബൈ, ബംഗളുരു ,ചെന്നൈ, മിഡിൽ ഈസ്റ് എന്നിവിടങ്ങളിൽ ആരംഭിച്ചു. ഫൊക്കാനയുടെ ആസ്ഥാന മന്ദിരത്തിനായി 250000 ഡോളർ ഡോ. ബാബു സ്റ്റീഫൻ സംഭാവന നൽകി.

ഫൊക്കാന ഭവന പദ്ധതിയിൽ 10 വീടുകൾക്ക് 36 ലക്ഷം രൂപ, ഹൈസ്കൂൾ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, അശരണർക്ക് ആശ്വാസധനം എന്നിവ പ്രധാന പദ്ധതികളിൽപെടുന്നു. മലയാള ഭാഷയെ പരിപോഷിപ്പിക്കാൻ ' ഭാഷക്കൊരു ഡോളർ ' ഫൊക്കാനയുടെ അഭിമാന പദ്ധതിയാണ്.

ഫൊക്കാനയുടെ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ ഒരു കൺവെൻഷനാണ് വാഷിങ്ങ്ടൺ ഡി .സി വേദിയാവാൻ പോകുന്നതെന്നും ബാബു സ്റ്റീഫൻ പറഞ്ഞു. ഫൊക്കാന ട്രസ്റ്റി ബോർഡംഗം പോൾ കറുകപ്പിള്ളിൽ, ട്രഷറർ ബിജു കൊട്ടാരക്കര തുടങ്ങിയവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.




# ഗോവയിലെ കാണാക്കാഴ്ചകളുമായി നാഷനൽ ജ്യോഗ്രഫിക് പരമ്പര

**കൊച്ചി:** ഗോവയിലെ പ്രധാന ടൂറിസ്റ്റ് ആകർഷണമായ ബീച്ചുകൾക്കുമപ്പുറം അധികമാരും അറിയാത്ത മികച്ച വിനോദ സഞ്ചാര കേന്ദ്രങ്ങളേയും സാഹസിക വിനോദങ്ങളേയും സംസ്ഥാനത്തിന്റെ സമ്പന്ന പൈതൃകങ്ങളേയും അവതരിപ്പിക്കുന്ന പ്രത്യേക ഡോക്യുമെന്ററി പരമ്പര നാഷനൽ ജ്യോഗ്രഫി സംപ്രേഷണം ചെയ്തു തുടങ്ങി.

പോസ്റ്റ്കാർഡ് ഫ്രം ഗോവ എന്ന പേരിൽ നാലു ഭാഗങ്ങളായാണ് ഈ പരമ്പര. പ്രമുഖ സാഹസിക കായിക താരവും വൈൽഡ് ലൈഫ് ഫിലിംമേക്കറുമായ മലയ്ക്ക വാസ് ആണ് ഈ പരമ്പരയുടെ മുഖ്യ അവതാരക. സാഹസിക കേന്ദ്രങ്ങൾ, വന്യജീവി സങ്കേതം, ഭക്ഷ്യവിഭവങ്ങളുടെ പ്രധാന കേന്ദ്രങ്ങൾ, പൈതൃക കേന്ദ്രങ്ങൾ എന്നിങ്ങനെ നാലു ഭാഗങ്ങളായാണ് ഈ പരമ്പര ചിത്രീകരിച്ചിട്ടുള്ളത്. പ്രേക്ഷകർക്ക് മലയ്ക്ക വാസിനൊപ്പം ഗോവ എക്സ്പ്ലോർ ചെയ്യാം. അവരുടെ ത്രില്ലടിപ്പിക്കുന്ന സാഹസിക പ്രകടനങ്ങളും കാണാം. ഇന്ത്യയിൽ നാഷനൽ ജ്യോഗ്രഫിക് ചാനലിൽ രാത്രി എട്ടു മണിക്കാണ് പോസ്റ്റ്കാർഡ് ഫ്രം ഗോവ സംപ്രേഷണം ചെയ്യുന്നത്.

# സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ്: ആദ്യ റേസിൽ ബിഗ്റോക്ക് മോട്ടോർസ്പോർട്സിന്റെ മുന്നേറ്റം

**കൊച്ചി:** സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിന്റെ (ഐഎസ്ആർഎൽ) പൂനെയിൽ നടന്ന ഉദ്ഘാടന മത്സരത്തിൽ ബിഗ്റോക്ക് മോട്ടോർസ്പോർട്സ് ടീമിന്റെ മുന്നേറ്റം. സി.എസ് സന്തോഷ് നയിക്കുന്ന ടീമിന് എല്ലാ വിഭാഗങ്ങളിലും പോഡിയം ഫിനിഷ് സ്വന്തമാക്കാനായി. 450 സിസി അന്താരാഷ്ട്ര റേസിൽ ബിബി റേസിങിനായി ഹോണ്ട എഞ്ചിനിൽ മത്സരിച്ച ഫ്രാൻസിൽ നിന്നുള്ള ജേർഡി ടിക്സിയർ ഒന്നാം സ്ഥാനം നേടി.

250 സിസി അന്താരാഷ്ട്ര റേസിൽ ബിഗ്റോക്ക് മോട്ടോർസ്പോർട്ടിന്റെ ഓസ്ട്രേലിയൻ റേസർ റീഡ് ടെയ്ലർ ആദ്യ സ്ഥാനത്ത് ഫിനിഷ് ചെയ്തു. കാവസാക്കിയിലായിരുന്നു മത്സരം. കാവസാക്കിയിൽ തന്നെ മത്സരിച്ച ബിഗ്റോക്ക് മോട്ടോർസ്പോർട്ടിന്റെ തായ്ലൻഡിൽ നിന്നുള്ള തനരത് പെൻജൻ 250 സിസി ഇന്ത്യ-ഏഷ്യ മിക്സിലും വിജയം നേടി. 450 സിസി ഇന്റർനാഷണൽ റൈഡേഴ്സ്, 250 സിസി ഇന്റർനാഷണൽ റൈഡേഴ്സ്, 250 സിസി ഇന്ത്യ-ഏഷ്യ മിക്സ്, 85 സിസി ജൂനിയർ ക്ലാസ് എന്നിങ്ങനെ നാല് വിഭാഗങ്ങളിലായിരുന്നു മത്സരം.ബാലേവാഡിയിലെ ശ്രീ ശിവ് ഛത്രപതി സ്പോർട്സ് കോംപ്ലക്സിൽ 10,000ലേറെ കാണികളെ സാക്ഷിയാക്കിയായിരുന്നു ഐഎസ്ആർഎൽ ആദ്യ സീസണിന്റെ അരങ്ങേറ്റം. ഫെബ്രുവരി 11ന് അഹമ്മദാബാദ് ടാൻസ്സ്റ്റേഡിയയിലെ ഇകെഎ അരീനയിൽ രണ്ടാം റേസ് നടക്കും. 2024 ഫെബ്രുവരി 25ന് ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന അവസാന മത്സരത്തോടെ സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിന്റെ ആവേശകരമായ ആദ്യ സീസൺ സമാപിക്കും.




# മിൽമ നാലര കോടിരൂപ പാലിന് അധികവില നൽകും

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയൻ ഫെബ്രുവരി ഒന്ന് മുതൽ മാർച്ച് 31 വരെ സംഭരിക്കുന്ന പാലിന് ഏഴ് രൂപ പ്രോത്സാഹന അധികവില നൽകാൻ തീരുമാനിച്ചതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ നാലര കോടിരൂപ വിതരണം ചെയ്യുമെന്ന് ചെയർമാൻ എം ടി ജയൻ അറിയിച്ചു.

milma

എറണാകുളം ജില്ലയിലെ 300 ൽ പരം വരുന്ന ക്ഷീരസംഘങ്ങളിൽ നിന്നും മിൽമ സംഭരിക്കുന്നത് ഏകദേശം ഒരു ലക്ഷംലിറ്റർ പാലാണ്. ഫെബ്രുവരി ഒന്ന് മുതൽ സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും കർഷകർക്ക് അഞ്ച് രൂപയും സംഘത്തിന് രണ്ട് രൂപയും എന്ന നിലയിൽ ഏഴ് രൂപയാണ് പ്രോത്സാഹന വിലയായി നൽകുന്നത്. ക്ഷീരമേഖലയുടെ ചരിത്രത്തിൽ ഒരുമേഖലാ യൂണിയൻ നൽകുന്ന ഏറ്റവും കൂടിയ പ്രോത്സാഹന വിലയാണിത്.

ഇന്ത്യയിൽ ആദ്യമായി എറണാകുളംമേഖലാ യൂണിയൻ നടപ്പാക്കുന്ന സമ്പൂർണ്ണ കന്നുകാലി സമഗ്ര ഇൻഷുറൻസ് പദ്ധതിയും അതിനോടനുബന്ധിച്ചുള്ള മെഡിക്കൽ ക്യാമ്പും, ടെലിമെഡിസിനും വ്യാപകമായ തോതിൽ എറണാകുളം ജില്ലയിലെ സംഘങ്ങളിൽ സംഘടിപ്പിച്ചു വരികയാണ്. കൂടാതെ ഉത്പാദന ഉപാധികൾ ഉൾപ്പെടെ സംഘങ്ങൾക്കും, കർഷകർക്കും സബ്സിഡിയോടു കൂടിയുള്ള വിവിധ പദ്ധതികൾ തുടരുന്നുണ്ടെന്നും, മേഖലായൂണിയൻറെ ഈ വർഷത്തെ പ്രവർത്തന ലാഭത്തിൽ നിന്നും ഇടുക്കി,കോട്ടയം,എറണാകുളം,തൃശൂർ ജില്ലകളിലായി ആയിരത്തിൽപ്പരം വരുന്ന പ്രാഥമിക ക്ഷീരസംഘങ്ങളിലെ കർഷകർക്കും സംഘങ്ങൾക്കുമായി ഏകദേശം 25 കോടിയിൽപ്പരം രൂപ ചിലവഴിക്കുമെന്നും എം.ടി.ജയൻ അറിയിച്ചു.

# പത്ര ഏജന്റുമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തണം

**കൊച്ചി:** പത്ര ഏജന്റുമാർക്ക് സർക്കാർ വിഹിതത്തോടുകൂടിയ ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് ന്യൂസ് പേപ്പർ ഏജൻസീസ് അസോസിയേഷൻ കേരള സംസ്ഥാന പ്രതിനിധി സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു മുതിർന്ന മാധ്യമ പ്രവർത്തകൻ എൻ.മാധവൻ കുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് നിസരി സൈനുദ്ദീൻ അദ്ധ്യക്ഷത വഹിച്ചു.

പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ അസോസിയേഷൻ അംഗം ജോസഫ് നെൽസന്റെ മകൾ ആൻ ജോസഫിന് വിദ്യാഭ്യാസ അവാർഡ് നൽകി കൊച്ചി കോർപ്പറേഷൻ കൗൺസിലർ എം.ജി. അരിസ്റ്റോട്ടിൽ ചടങ്ങിൽ ആദരിച്ചു.

ടി.സി.ജോൺസൺ, മേലാടിയിൽ ബാപ്പുട്ടി (പാലക്കാട്) വി.അച്യുതൻ, എൻ.എ.അബ്ദുൾ ഹമീദ്, ടി.ഇ.അസീസ്, സന്തോഷ്കുമാർ, സി.ജി.ശശിചന്ദ്രൻ, മുഹമ്മദ് അറയ്ക്കൽ, സി.എം.പീതാമ്പരൻ (ചേർത്തല), സി.ഒ.ജിൽസൺ (തൃശ്ശൂർ), കെ.വി.രാജൻ, എസ്.ഷാജി തുടങ്ങിയവർ സംസാരിച്ചു.



# ദുബായ് ചേമ്പർ ഓഫ് കോമേഴ്സ്: സൈബർ സെക്യൂരിറ്റി ഗ്രൂപ്പ് ചെയർമാൻ ആയി മലയാളി

**കൊച്ചി:** ദുബായ് സൈബർ സെക്യൂരിറ്റി രംഗത്ത് ചരിത്ര നേട്ടം കൈവരിച്ച് മലയാളി സ്റ്റാർട്ടപ്പ് സ്ഥാപകൻ. ദുബായ് ചേമ്പർ ഓഫ് കോമേഴ്സിൻറെ സൈബർ സെക്യൂരിറ്റി കമ്മിറ്റിയുടെ ആദ്യ ചെയർമാൻ ആയി കേരള സ്റ്റാർട്ടപ്പ് മിഷനിലെ 'വാറ്റിൽകോർപ് സൈബർ സെക്യൂരിറ്റി ലാബി'ൻറെ സ്ഥാപകനും സിഇഒ യുമായ സുഹൈർ എളമ്പിലാശ്ശേരി തിരഞ്ഞെടുക്കപ്പെട്ടു. ദുബായ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന വിവിധ സൈബർ സെക്യൂരിറ്റി സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുക, പുതിയ സൈബർ സെക്യൂരിറ്റി വിഷയങ്ങൾ ദുബായ് സർക്കാരിൻറെ ശ്രദ്ധയിൽ കൊണ്ടു വരിക, രാജ്യത്തെ സൈബർ സുരക്ഷ കൂടുതൽ ശക്തമാക്കുക തുടങ്ങി നിർണായകമായ ദൗത്യങ്ങൾ നിർവഹിച്ചു വരുന്ന സംഘടനയുടെ നേതൃ പദവിയിലേക്കാണ് സുഹൈർ എത്തിയിട്ടുള്ളത്.അന്താരാഷ്ട്ര വേദികളിൽ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പുകൾ വെന്നിക്കൊടി പാറിക്കുന്നത് ഏറെ അഭിമാനകരമായ നിമിഷമാണെന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക പറഞ്ഞു. കേരളത്തിൽ നിന്നുള്ള നൂതനാശയങ്ങളെ അന്താരാഷ്ട്ര സമൂഹം പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നത്. പ്രശംസനീയമായ നേട്ടമാണ് വാറ്റിൽകോർപ് മേധാവി കരസ്ഥമാക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചെയർമാൻ പദവിയിലൂടെ ലഭിച്ച സുപ്രധാനമായ ഈ അന്താരാഷ്ട്ര ബഹുമതി കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയ്ക്കുള്ള അംഗീകാരമാണെന്ന് സുഹൈർ എളമ്പിലാശ്ശേരി പറഞ്ഞു. സൈബർ സെക്യൂരിറ്റിയുടെ പ്രാധാന്യം മുമ്പെങ്ങുമില്ലാത്ത വിധം വർധിക്കുകയും വ്യാപകമായി ചർച്ച ചെയ്യുകയും ചെയ്യുന്ന വർത്തമാനകാലത്ത് ഈ അംഗീകാരത്തിന് പ്രത്യേക പ്രാധാന്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു.അബുദാബി നാഷണൽ ഓയിൽ കമ്പനി (എഡിഎൻഒസി), അബുദാബി നാഷണൽ ഹോട്ടൽസ്, എമിറേറ്റ്സ് മെഡിക്കൽ അസോസിയേഷൻ, ഓറഞ്ച് മൊബൈൽസ്, കുക്കിയെസ്, ടോയോട്ട തുടങ്ങിയു. എ. ഇ യിലും അന്താരാഷ്ട്ര തലത്തിലും നിരവധി സ്ഥാപനങ്ങളുടെ സൈബർ സുരക്ഷ കൈകാര്യം ചെയ്യുന്നതിൽ വാറ്റിൽകോർപ് ഇതിനോടകം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ കാലിക്കറ്റ് ഐ.ടി ഫോറം, ജി ടെക്, നാസ്കോം തുടങ്ങിയ സംഘടനകളിൽ സജീവമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനം കൂടിയാണ് വാറ്റിൽകോർപ്.എഐ, എം ഐ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് വാറ്റിൽകോർപ്പ് സൈബർ സെക്യൂരിറ്റി സ്യൂട്ട് എന്ന വിർച്യുൽ സെക്യൂരിറ്റി കൺസൽട്ടൻറിൻറെ പണിപ്പുരയിലാണ് നിലവിൽ ഈ സ്ഥാപനം.




# ലുലു വെഡ്ഡിംഗ് ഉത്സവിന് ഇന്ന് തുടക്കം

**കൊച്ചി :** ലോകത്തെ മാറുന്ന വെഡ്ഡിംഗ് ട്രെൻഡുകൾ പരിചയപ്പെടുത്തുന്ന ലുലു വെഡ്ഡിംഗ് ഉത്സവ് രണ്ടാം സീസൺ ഇന്ന് കൊച്ചി ലുലു മാളിൽ തുടക്കമാകും. ലുലു മാളിൽ നടന്ന ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ നമിത പ്രമോദ്, മാളവിക മേനോൻ, ദേവിക സഞ്ജയ്, മുബിൻ റാഫി എന്നിവർ ചേർന്ന് ലുലു വെഡ്ഡിംഗ് ഉത്സവ് 2024ൻറെ ലോഗോ പ്രകാശനം ചെയ്തു.

ജനുവരി 31 മുതൽ ഫെബ്രുവരി 4 വരെ അഞ്ച് ദിവസങ്ങളിലായി നടക്കുന്ന ഈ മെഗാ എക്സ്പോ ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ വെഡ്ഡിംഗ് എക്സ്പോയാണ്. വിവാഹത്തിന്റെ ലൊക്കേഷൻ, സാരി, പൂക്കൾ, ഡെക്കറേഷൻ തുടങ്ങി വെഡ്ഡിംഗ് പ്ലാനുകളുമായി ബന്ധപ്പെട്ട എല്ലാം ഒരു കുടക്കീഴിൽ അണിനിരത്തുന്നു എന്നതാണ് വെഡ്ഡിംഗ് ഉത്സവിനെ ശ്രദ്ധേയമാക്കുന്നത്.

വിവാഹ വസ്ത്രധാരണം, അലങ്കാരം, ഫോട്ടോഗ്രഫി, വീഡിയോഗ്രഫി, കാറ്ററിംഗ് അടക്കം മാറുന്ന കാലത്തെ വെഡ്ഡിംഗ് ട്രെൻഡുകൾ പരിചയപ്പെടുന്നതിനൊപ്പം വധുവരുന്മാർക്ക് വെഡ്ഡിംഗ് പ്ലാനർമാരുമായി നേരിട്ട് സംവദിയ്ക്കാനും സൗകര്യമുണ്ടാകും.ഫെബ്രുവരി 3, 4 തീയതികളിൽ വെഡ്ഡിംഗ് റാമ്പ് ഷോയും സംഘടിപ്പിച്ചിട്ടുണ്ട്. ചലച്ചിത്ര താരങ്ങൾ, പ്രമുഖ മോഡലുകൾ ഉൾപ്പെടെ റാമ്പിലെത്തും.

ലുലു വെഡ്ഡിംഗ് ഉത്സവിനോടനുബന്ധിച്ച് മാളിൽ അഞ്ച് ദിവസങ്ങളിലും കലാപരിപാടികളും നടക്കും. ലുലു ഇന്ത്യ സിഒഒ രജിത് രാധാകൃഷ്ണൻ, കൊമേഴ്സ്യൽ മാനേജർ സാദിഖ് കാസിം, ലുലു സെലിബ്രേറ്റ് ബിസിനസ് ഹെഡ് സിദ്ധാർത്ഥ് ശശാങ്കൻ, ലുലു മാൾ മാനേജർ വിഷ്ണു, ലുലു സെലിബ്രേറ്റ് മാർക്കറ്റിംഗ് മാനേജർ വൈഷ്ണവ് തുടങ്ങിയവർ ലോഗോ പ്രകാശന ചടങ്ങിൽ സന്നിഹിതരായിരുന്നു.



# സിജിഎച്ച് എർത്തിന്റെ പുതിയ റിസോർട്ട് പോണ്ടിച്ചേരിയിൽ

**കൊച്ചി:** പോണ്ടിച്ചേരിയിൽ സിജിഎച്ച് എർത്ത് റെസിഡൻസ് ഡി ഇവേച്ചെ പ്രവർത്തനമാരംഭിച്ചു. 1790കളിൽ നിർമ്മിതമായ ഈ സിംഗിൾ കീ പ്രൈവറ്റ് വില്ല ഈ പ്രദേശത്തിന്റെ പഴയ ഫ്രഞ്ച് കാലഘട്ടത്തിലേക്കുള്ള ഒരു അനുസ്മരണം കൂടിയാണ്. ര്യൂ ഡി ഇവേച്ചെ തെരുവിൽ സ്ഥിതി ചെയ്യുന്ന ഈ റിസോർട്ട് ശാന്തമായ പാതകൾ, അതിശയകരമായ ബോട്ടിക്കുകൾ, വിചിത്രമായ സ്റ്റോറുകൾ, ആകർഷകമായ ഭക്ഷണശാലകൾ, പ്രശസ്തമായ ടൂറിസ്റ്റ് ലാൻഡ്മാർക്കുകൾ എന്നിവയാൽ ചുറ്റപ്പെട്ടു കിടക്കുന്നു. മനോഹരമായ മൂന്നു ബെഡ്റൂം ഹോം കുടുംബങ്ങൾക്കും സുഹൃത്തുക്കളുടെ ഒരു ചെറിയ ഗ്രൂപ്പിനും മികച്ച സേവന വില്ല അനുഭവം നൽകുന്നുവെന്ന് സിജിഎച്ച് എർത്ത് പ്രൊഡക്റ്റ് ഡെവലപ്മെന്റ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് മൃദുല ജോസ് പറയുന്നു.4 പേർക്ക് 50000/ രൂപയിലും 6 ആളുകൾക്ക് 65000/ രൂപയിലും ആരംഭിക്കുന്ന 3 കിടപ്പുമുറികളുള്ള റെസിഡൻസ് ഡി ഇവേച്ചെയിൽ ബുക്കിങ്ങുകൾ ആരംഭിച്ചിട്ടുണ്ട്.തങ്ങളുടെ ലക്ഷ്യം അതിഥികൾക്കായി കൂടുതൽ വ്യക്തിഗത ഇടത്തിൽ നിന്ന് പോണ്ടിച്ചേരിയുടെ സമ്പന്നമായ പൈതൃകം പ്രദർശിപ്പിക്കുക എന്നതാണ്. ഒരിക്കൽ ആർച്ച് ബിഷപ്പിന്റെ ഭവനം ഉണ്ടായിരുന്ന ഒരു തെരുവിലാണ് ഇത് സ്ഥിതിചെയ്യുന്നതെന്നും മൃദുല ജോസ് പറഞ്ഞു.

# മോട്ടോ ജി24 പവർ അവതരിപ്പിച്ച് മോട്ടറോള




**കൊച്ചി :** മോട്ടോ ജി24 പവർ അവതരിപ്പിച്ച് മോട്ടറോള. ഏറ്റവും പുതിയ ആൻഡ്രോയിഡ് 14 ആണ് ഇതിൽ സജ്ജീകരിച്ചിരിക്കുന്നത്. അൾട്രാ പ്രീമിയം ഡിസൈൻ, കരുത്തുറ്റ ബാറ്ററി 6 എംപി സെൽഫി ക്യാമറ, 50 എംപി ക്വാഡ് പിക്സൽ ക്യാമറ,90 ഹെർട്സ് റിഫ്രഷ് റേറ്റ്, ഡോൾബി അറ്റ്മോസ് സ്റ്റീരിയോ സ്പീക്കറുകൾ, ഐപി52 വാട്ടർ റിപ്പല്ലന്റ് ഡിസൈൻ, 6.6' പഞ്ച്ഹോൾ ഡിസ്പ്ലേയുമെല്ലാം മോട്ടോ ജി24 ന്റെ പ്രത്യേകതകളാണ്.

ഇങ്ക് ബ്ലൂ, ഗ്ലേസിയർ ബ്ലൂ എന്നിങ്ങനെ രണ്ട് ആകർഷകമായ നിറങ്ങളിൽ ലഭ്യമാണ്. സ്മാർട്ട്ഫോണിന്റെ പ്രാരംഭ വില 8,249 രൂപ. 4ജിബി + 128ജിബി, 8ജിബി + 128ജിബി എന്നിങ്ങനെ രണ്ട് മെമ്മറി വേരിയന്റുകളിൽ യഥാക്രമം 8,999 രൂപ, 9,999 രൂപ എന്നിങ്ങനെയാണ് വില. ലോഞ്ച് ഓഫറിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് എക്സ്ചേഞ്ചിൽ അധികമായി 750 രൂപ കിഴിവുണ്ടാകും. മോട്ടോ ജി24 പവർ ഫ്ലിപ്കാർട്ട്, ഒീമീഹ.ശി എന്നിവയിലും ഇന്ത്യയിലെ പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലും ഫെബ്രുവരി 7ന് വിൽപ്പനയ്ക്കെത്തും

# വേദനയാണോ പ്രശ്നം; ഫിസിയോ തെറാപ്പിയിലൂടെ പരിഹരിക്കാം

ആരോഗ്യം



**അഷ്ക്കർ അലി കേളാട്ട്,**
ഹെഡ്, ഡിപ്പാർട്മെന്റ് ഓഫ് ഫിസിയോതെറാപ്പി,
ആസ്റ്റർ മിംസ് കാലിക്കറ്റ്



സമാധാനവും സന്തോഷവും നിറഞ്ഞ ജീവിതം ആഗ്രഹിക്കാത്തവരായി ആരുമുണ്ടാകില്ല. എന്നാൽ ശരീരത്തിലുണ്ടാകുന്ന ചെറിയൊരു വേദന മതി എല്ലാവിധ സന്തോഷങ്ങളെയും തല്ലിക്കെടുത്താൻ. കാൻസർ പോലുള്ള ഗുരുതര രോഗങ്ങൾ വലിയ വേദന ഉണ്ടാക്കുന്നതാണെങ്കിലും അപ്രതീക്ഷിതമായുണ്ടാകുന്ന മസ്കുലോ സ്കെലറ്റൽ വേദനകളാണ് മിക്കവർക്കും ഏറെ അസഹ്യമായി തോന്നാറുള്ളത്. അപകടങ്ങളും ജീവിത ശൈലിയിലെ അപാകതകളും മൂലമുണ്ടാകുന്ന ഇത്തരം വേദനകളെയും ബുദ്ധിമുട്ടുകളെയും കുറിച്ച് മനസിലാക്കാം.

**വേദനയുടെ കാരണങ്ങൾ**

ശരീരത്തിലെ മസിലുകൾ, അസ്ഥികൾ, സന്ധികൾ, ലിഗമെന്റുകൾ, ടെന്റണുകൾ തുടങ്ങിയവയെ ബാധിക്കുന്ന വേദനകളെയാണ് മസ്കുലോ സ്കെലറ്റൽ പെയിൻ എന്ന് പറയുന്നത്. അപകടങ്ങൾ, വീഴ്ച മൂലമുണ്ടാകുന്ന പരിക്കുകൾ, ലിഗമെന്റുകൾക്കും ടെന്റണുകൾക്കും സംഭവിക്കുന്ന വലിച്ചിൽ, സന്ധികൾക്കുണ്ടാകുന്ന സ്ഥാനമാറ്റം തുടങ്ങിയവയാണ് ഇത്തരം വേദനകൾക്ക് കാരണമാകുന്നത്.ഇരിക്കുന്നതിലും കിടക്കുന്നതിലുമുള്ള അപാകതകളും വേദനക്ക് വഴിയൊരുക്കും. പോശ്ചറൽ സ്ട്രെയിൻ എന്നാണ് ഇത്തരം ബുദ്ധിമുട്ടുകളെ വിളിക്കുന്നത്. ഇത് മൂലം കഴുത്ത്, പുറം, നടുഭാഗം, നെഞ്ച്, കൈകാലുകൾ എന്നിവിടങ്ങളിലൊക്കെ വേദന അനുഭവപ്പെടാൻ സാധ്യത ഉണ്ട്. ഒരേ ജോലി സ്ഥിരമായി ചെയ്യുന്നതും വേദനക്ക് കാരണമാകും.

ശരീര വേദനക്കുള്ള മറ്റൊരു കാരണമാണ് ശാരീരിക പ്രവർത്തനങ്ങൾ ഇല്ലാത്തതും ഉദാസീന ജീവിത രീതിയും. പരിചയമില്ലാതെ കനത്ത ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ശരീര വേദനയും മസിൽ വലിയുകയുമെല്ലാം ചെയ്യും. പതിവില്ലാതെ അമിതമായി വർക്ക് ഔട്ട് ചെയ്യുന്നതും തെറ്റായ രീതിയിൽ വെയിറ്റ് ട്രെയിനിങ്ങ് എക്സർസൈസുകൾ ചെയ്യുന്നതുമെല്ലാം വേദന വിളിച്ച് വരുത്തുന്ന കാര്യങ്ങളാണ്.

**വേദന മാറ്റാൻ പല വഴികൾ**

മസ്കുലോ സ്കെലറ്റൽ വേദന മാറ്റാൻ മരുന്നുകൾ മുതൽ ഫിസിയോ തെറാപ്പി ഉൾപ്പെടെ പല മാർഗങ്ങളുണ്ട്. ഓയിൻമെന്റുകൾ, സ്പ്രേകൾ, ഗുളികകൾ, ഉറക്ക ഗുളികകൾ, ഉഴിച്ചിൽ, തിരുമ്മ് ചികിത്സ തുടങ്ങിയ ആയുർവേദ മുറകൾ എന്നിവയെല്ലാമാണ് സാധാരണയായി ചെയ്യാറുള്ള ചികിത്സകൾ.

ഇതിൽ തന്നെ ഏറ്റവും കൂടുതലായി കണ്ടുവരുന്നത് വേദന സംഹാരികൾ ഉപയോഗിച്ച് വേദന മാറ്റുന്ന രീതിയാണ്. രോഗികൾക്ക് അനാൾജസിക് ഇനത്തിൽ പെടുന്ന മരുന്നുകളാണ് ഇതിനായി നൽകുന്നത്. ഗുളിക രൂപത്തിലും കുത്തിവെപ്പായും നൽകാറുണ്ടെങ്കിലും ഇത്തരം മരുന്നുകൾ ദീർഘകാലം ഉപയോഗിക്കുന്നത് ഗുണത്തേക്കാൾ ദോഷത്തെ വിളിച്ചു വരുത്തുന്നവയാണ്. അനിയന്ത്രിതമായി മരുന്നുകൾ ഉപയോഗിക്കുന്നത് ഗ്യാസ്ട്രബിൾ, വയറിളക്കം, വയറുവേദന, മലബന്ധം, ഛർദ്ദി, നെഞ്ചെരിച്ചിൽ തുടങ്ങിയ ഉദര സംബന്ധമായ ബുദ്ധിമുട്ടുകൾക്കും കിഡ്നി തകരാറിനും ഹൃദയ രോഗങ്ങൾക്കും വരെ കാരണമായേക്കാമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അത് കൊണ്ട് തന്നെ ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം മാത്രമേ ഇത്തരം മരുന്നുകൾ ഉപയോഗിക്കാവൂ.

**ഫിസിയോ തെറാപ്പിയിലൂടെ പരിഹരിക്കാം!**

മരുന്നുകൾ, സ്പ്രേ, ഓയിൻമെന്റുകൾ തുടങ്ങിയവ ഉപയോഗിക്കുന്നതിലൂടെ വേദന മാറ്റാൻ കഴിയുമെങ്കിലും ഇതുവഴി താൽക്കാലിക ആശ്വാസം മാത്രമേ ലഭിക്കുകയുള്ളൂ. വേദനയുടെ കാരണം കണ്ടെത്തി അതിനുള്ള ചികിത്സ നൽകുന്നതിലൂടെ മാത്രമേ ശാശ്വത പരിഹാരം ലഭിക്കുകയുള്ളൂ. ഇതിനുള്ള ഏറ്റവും മികച്ചതും ശാസ്ത്രീയവുമായ മാർഗം ഫിസിയോ തെറാപ്പിയാണ്. ഒട്ടുമിക്ക വേദനകളും മരുന്നില്ലാതെ തന്നെ മാറ്റാൻ കഴിയും എന്നതാണ് ഫിസിയോ തെറാപ്പിയുടെ പ്രത്യേകത.

**മാനുവൽ തെറാപ്പിയെ കുറിച്ച് അറിയാം.**

വേദന കുറയ്ക്കുന്നതിനും സന്ധികൾ, മൃദുവായ കോശങ്ങൾ, ഞരമ്പുകൾ എന്നിവയുടെ ചലനശേഷി മെച്ചപ്പെടുത്തുന്നതിനുമുള്ള ഫിസിയോ തെറാപ്പി ചികിത്സാ രീതിയാണ് മാനുവൽ തെറാപ്പി. ഇത് നടുവേദന, കഴുത്ത് വേദന, മുട്ടുവേദന, മയോഫേഷ്യൽ പെയിൻ സിൻഡ്രോം, ഫൈബ്രോമയാൽജിയ തുടങ്ങി ഒട്ടുമിക്ക വേദനകൾക്കും ഏറെ ഫലപ്രദമാണ്.വിദഗ്ധരായ ഫിസിയോ തെറാപ്പിസ്റ്റുകൾ രോഗികളെ ശാരീരികമായ പരിശോധനകൾക്ക് വിധേയരാക്കി വേദനയുടെ ഉറവിടം കണ്ടെത്തുന്നതും മൂലം വേദനയിൽ നിന്ന് പൂർണമായ മുക്തി ലഭിക്കാൻ സഹായിക്കുന്നു. സന്ധികളുടെ ചലനശേഷി വർദ്ധിപ്പിക്കാനും ലിഗമെന്റ്, ടെന്റൺ ഉൾപ്പെടെയുള്ള മൃദു കോശങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും കഴിയും. സന്ധികളുടെ അയവ് കൂട്ടാനും മസിലുകളുടെ പിരിമുറുക്കം കുറക്കാനും നീര് കുറക്കാനും ഫലപ്രദമാണ്. ഇതുവഴി വേദനക്ക് വേഗത്തിലുള്ള ശമനവും ലഭിക്കും. ശാരീരിക പ്രവർത്തനങ്ങൾ സുഖമമാക്കാനും ഗുണം ചെയ്യും.

**വൈദ്യസഹായം നിർബന്ധം.**

ഏതാനും ദിവസങ്ങൾ കൊണ്ട് വേദന മാറുന്നില്ലെങ്കിൽ എത്രയും വേഗം ഡോക്ടറെ കണ്ട് കൃത്യമായ ചികിത്സ സ്വീകരിക്കുന്നതാണ് നല്ലത്. ഒരോരുത്തരിലും വ്യത്യസ്ത കാരണങ്ങൾ കൊണ്ടാകും വേദന അനുഭവപ്പെടുന്നത്. ഇത് കണ്ടെത്തി വേണം ചികിത്സ നൽകാൻ. അത് കൊണ്ട് തന്നെ സ്വയം ചികിത്സ പൂർണമായും ഒഴിവാക്കുകയും ഡോക്ടറുടെ നിർദ്ദേശാനുസരണം മാത്രം ചികിത്സ സ്വീകരിക്കുകയും ചെയ്യുന്നതാണ് നല്ലത്. ഫിസിയോതെറാപ്പിസ്റ്റ് കൃത്യമായ അസ്സസ്സ്മെന്റിലൂടെ ഓരോ വ്യക്തിക്കും അനുയോജ്യമായ തെറാപ്യൂട്ടിക് വ്യായാമങ്ങൾ ആണ് രോഗചികിത്സക്കായി ഉപയോഗിക്കുന്നത്. കൃത്യമായ പരിശോധനകളിലൂടെയാണ് കാരണം കണ്ടെത്തുന്നത്.

**ജീവിത ശൈലി മാറ്റാം.**

ശാരീരിക പ്രവർത്തനങ്ങൾ ഇല്ലാത്തത്, ഉദാസീന ജീവിത രീതി, കടുത്ത ജോലി ഭാരം, വിശ്രമമില്ലായ്മ, ഉറക്കമില്ലായ്മ തുടങ്ങി ജീവിത ശൈലിയിലെ അപാകതകളാണ് ശരീര വേദനകളുടെ പ്രധാന കാരണങ്ങളിലൊന്ന്. ജീവിത ശൈലിയിൽ കൊണ്ടുവരുന്ന ചെറിയ മാറ്റങ്ങൾ പോലും വലിയ രീതിയിൽ ഗുണം ചെയ്യുന്നവയാണ്.കൃത്യമായി വ്യായാമം ചെയ്യുന്നതിലൂടെയും ശാരീരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് വഴിയും ശാരീരിക വേദനകളെ പ്രതിരോധിക്കാൻ സഹായിക്കും. വ്യായാമം ജീവിതചര്യയാക്കി മാറ്റുകയും ഇതിനായി ദിവസവും കുറഞ്ഞത് 30 മിനുട്ട് മുതൽ ഒരു മണിക്കൂർ വരെ മാറ്റി വെക്കുകയും ചെയ്യുക. ജങ്ക് ഫുഡ് ഉൾപ്പെടെ മോശം ഭക്ഷണ രീതി ഒഴിവാക്കി ആരോഗ്യകരമായ ഡയറ്റ് പിന്തുടരാൻ ശ്രദ്ധിക്കുക. ദിവസം കുറഞ്ഞത് എട്ട് മണിക്കൂർ ഉറങ്ങാനും ശ്രദ്ധിക്കുക. മാനസിക സമ്മർദ്ദം ഒഴിവാക്കുകയും അത് വഴി ജീവിത നിലവാരം ഉയർത്താനും ശ്രമിക്കേണ്ടതുണ്ട്. അവസാനമായി ഒന്നോർക്കുക. വേദന വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് വേദന വരാതെ നോക്കുന്നതാണ്.!





# സൂപ്പർ സെർവ് ജില്ലാ ബാഡ്മിന്റൺ: ചിൻമയയും അസീസിയും ജേതാക്കൾ

കൊച്ചി: തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ സംഘടിപ്പിച്ച രണ്ടാമത് സൂപ്പർ സെർവ് ജില്ലാതല ബാഡ്മിന്റൻ മൽസരത്തിൽ പതിമൂന്ന് വയസിൽ താഴെയുള്ള ആൺ കുട്ടികളുടെ വിഭാഗത്തിൽ വടുതല ചിൻമയ, പതിനാറ് വയസിൽ താഴെയുള്ള പെൺകുട്ടികളുടെ വിഭാഗത്തിൽ കാക്കനാട് അസീസി സ്കൂളുകൾ ചാമ്പ്യന്മാരായി. ഇരു വിഭാഗത്തിലും ഗ്ലോബൽ പബ്ലിക് സ്കൂളാണ് റണ്ണേഴ്സ് അപ്പ്.

വിജയികൾക്ക് ബെംഗളൂരു ആചാര്യ സ്പോർട്ട്സ് ചെയർമാൻ ഹർഷ എൻ സാഗർ ട്രോഫിയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.നേരത്തെ ബാഡ്മിന്റൺ മത്സരങ്ങളും അതിനൊപ്പം ആരംഭിച്ച ഏഴാമത് ക്ലാസിക് കപ്പ് ജില്ലാതല ഫുട്ബോൾ ടൂർണ്ണമെന്റും സ്പോർട്ട് ഹുഡ് സഹ സ്ഥാപകനും സിഒ യുമായ അരുൺ വി. നായർ ഉദ്ഘാടനം ചെയ്തു. ഉപദേശക സമിതി ചെയർമാൻ ലക്ഷ്മി രാമചന്ദ്രൻ പങ്കെടുത്തു.പതിനഞ്ച് വയസിൽ താഴെയുള്ളവരുടെ ഫുട്!ബോളിൽ തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ ഫൈനലിൽ എത്തി. പതിനൊന്ന് വയസു മുതൽ 16 വയസു വരെയുള്ള കുട്ടികൾക്കായുള്ള ഇരു ടൂർണ്ണമെന്റുകളിലുമായി പതിനഞ്ച് സ്കൂളുകളിൽ നിന്നായി മൂന്നു റോളം കുട്ടികളാണ് പങ്കെടുക്കുന്നത്.

# ജിയോ ബ്രെയിൻ എഐ പ്ലാറ്റ്ഫോമുമായി ജിയോ

**കൊച്ചി:** ജിയോ ബ്രെയിൻ എന്ന 5 ജി ഇന്റഗ്രേറ്റഡ് എഐ പ്ലാറ്റ് ഫോം നിർമ്മിച്ച് റിലയൻസ് ജിയോ. സമഗ്രമായ ഒരു നെറ്റ്വർക്ക്/ഐടി പരിവർത്തനത്തിന്റെ ആവശ്യമില്ലാതെ ടെലികോം, ബിസിനസ് നെറ്റ്വർക്കുകൾ മെച്ചപ്പെടുത്താൻ രൂപകൽപ്പന ചെയ്തതാണ് ജിയോ ബ്രെയിൻ. നൂറുകണക്കിന് എഞ്ചിനീയർമാർ രണ്ട് വർഷമായി റിസർച്ച് ചെയ്ത് ഡെവലപ്പ് ചെയ്തതാണ് ഈ പ്ലാറ്റ്ഫോം എന്ന് ജിയോ സീനിയർ വൈസ് പ്രസിഡന്റ് ആയുഷ് ഭട്നാഗർ പറഞ്ഞു.വിവിധ ഡാറ്റകൾ വിശകലനം ചെയ്യാൻ പ്രാപ്തമായ മെഷീൻ ലേണിങ് അധിഷ്ഠിത സേവനങ്ങൾ സൃഷ്ടിക്കാൻ ഡെവലപ്പർമാർക്കായി 500ലധികം ടൂളുകൾ ജിയോ ബ്രെയിൻ വാഗ്ദാനം ചെയ്യുന്നു. 5ജി സേവനങ്ങൾ മെച്ചപ്പെടുത്താനും ബിസിനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും 6ജി പോലെയുള്ള ഭാവി മുന്നേറ്റങ്ങൾക്ക് തയ്യാറെടുക്കാനും ഇത് ലക്ഷ്യമിടുന്നു. ജിയോ പ്ലാറ്റ്ഫോമുകളുടെ മേധാവി മുകേഷ് അംബാനി, ഇന്ത്യയുടെ നേട്ടത്തിനായി എഐ പ്രയോജനപ്പെടുത്താനുള്ള തങ്ങളുടെ അഭിലാഷത്തെക്കുറിച്ച് കഴിഞ്ഞ വർഷം ചർച്ച ചെയ്തിരുന്നു. എഐ ചുമതലകൾക്കായി രൂപകൽപ്പന ചെയ്ത ഉയർന്ന പ്രകടനമുള്ള കമ്പ്യൂട്ടറുകൾ നിർമ്മിക്കുന്നത് ഉൾപ്പെറെയുള്ളവയ്ക്കായി എഐ കേന്ദ്രീകൃത കമ്പ്യൂട്ടർ ചിപ്പുകൾ നിർമ്മിക്കുന്നതിൽ പ്രഗത്ഭരായ എൻവിഡിയയുമായി സഹകരിക്കുന്നുണ്ട്. ഏറ്റവും നൂതനമായ എൻവിഡിയ ജിഎച്ച് 200 ഗ്രേസ് ഹോപ്പർ സൂപ്പർചിപ്പിലേക്കും ക്ലൗഡിലെ എഐ സൂപ്പർകമ്പ്യൂട്ടിംഗ് സേവനമായ എൻവിഡിയ ഡിജിഎക്സ് ക്ലൗഡിലേക്കും എൻവിഡിയ ആക്സസ് നൽകും



# കോഴിക്കോട് മെഡിക്കൽ കോളേജിലെ മുഴുവൻ കുട്ടികളുടേയും ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി

**തിരുവനന്തപുരം:** ശ്രുതിതരംഗം പദ്ധതിയിലുൾപ്പെട്ട 457 കുട്ടികളിൽ 216 പേരുടെ ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 109 പേരുടെ ഉപകരണങ്ങളുടെ മെയിന്റനൻസ് ഉടൻ പൂർത്തിയാക്കും. ബാക്കിയുള്ളവരുടെ ഉപകരണങ്ങളുടെ മെയിന്റനൻസിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. കോക്ലിയർ ഇംപ്ലാന്റേഷന് വേണ്ടി ടെക്നിക്കൽ കമ്മിറ്റി ആദ്യ ഘട്ടത്തിൽ അംഗീകാരം നൽകിയ 44 കുട്ടികളിൽ 23 പേരുടെ ശസ്ത്രക്രിയകൾ പൂർത്തിയായി. ബാക്കിയുള്ളവരുടെ ശസ്ത്രക്രിയയ്ക്കുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ പ്രോസസർ അപ്ഗ്രഡേഷന് വേണ്ടിയുള്ള 117 കുട്ടികളിൽ 79 പേരുടെ പ്രോസസർ അപ്ഗ്രഡേഷന് വേണ്ടിയുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. എത്രയും വേഗം ബാക്കിയുള്ളവരുടെ ഉപകരണങ്ങളുടേയും പ്രോസസർ അപ്ഗ്രഡേഷൻ ആരംഭിക്കുന്നതാണെന്നും മന്ത്രി പറഞ്ഞു.

ശ്രുതിതരംഗം പദ്ധതിയിലുൾപ്പെട്ട കോഴിക്കോട് മെഡിക്കൽ കോളേജിലെ മുഴുവൻ കുട്ടികളുടേയും ഉപകരണങ്ങളുടെ മെയിന്റനൻസ് നടത്തി. 68 കുട്ടികൾക്ക് ശ്രുതിതരംഗം മെയിന്റനൻസ് സ്കീമിൽ ഉൾപ്പെടുത്തിയാണ് പാർട്സുകൾ മാറ്റിയത്. 32 കുട്ടികൾക്ക് മെഡൽ കമ്പനിയുടെ പാർട്സുകളും 36 കുട്ടികൾക്ക് കോക്ലിയർ കമ്പനിയുടെ പാർട്സുകളുമാണ് മാറ്റി നൽകിയത്. ഉപകരണങ്ങളുടെ അപ്ഗ്രഡേഷൻ ഈ ആഴ്ച ആരംഭിക്കുന്നതാണ്.

ശ്രവണ വൈകല്യം നേരിടുന്ന 5 വയസിൽ താഴെയുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷനും അനുബന്ധ സേവനങ്ങളും സൗജന്യമായി ഉറപ്പാക്കുവാനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയാണ് പദ്ധതിയുടെ നിർവഹണ ചുമതല വഹിക്കുന്നത്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകൾ വഴിയും എംപാനൽ ചെയ്ത 6 ആശുപത്രികളിലൂടെയും ഗുണഭോക്താക്കൾക്ക് സൗജന്യ സേവനം ലഭ്യമാകും.

കൂടുതൽ വിവരങ്ങൾക്ക് ദിശ 1056, 104 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com